**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചേർത്തല നഗരസഭ - ശ്രീ.കെ.രാജഗോപാൽ, സൂപ്രണ്ട് - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1591/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,02/05/2016.

പരാമർശം :- 1. 18.09.2009 തീയതിയിലെ സ.ഉ.(സാധാ.) നം.2377/2009/ത.സ്വ.ഭ.വ.

2. 19.12.2014 തീയതിയിലെ സ.ഉ.(സാധാ.) നം.3373/2014/ത.സ്വ.ഭ.വ.

3. നഗരകാര്യ ഡയറക്ടറുടെ 28.02.2011 ലെ ഇ 6/5375/10-ാം നമ്പർ ഉത്തരവ്.

4. ശ്രീ.കെ.രാജഗോപാൽതിരുവല്ലനഗരസഭാസെക്രട്ടറിയുടെപി.എ സമർപ്പിച്ച 07.12.2015 തീയതിയിലെ അപേക്ഷ.

5. നഗരകാര്യ ഡയറക്ടറുടെ 15.01.2016 തീയതിയിലെ വി1-27282/15 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ വിഴിഞ്ഞം-കോവളം ഏരിയ ഡവലപ്മെന്റ് സ്കീമിന്റെ ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ഇല്ലാത്ത ഭാഗത്ത് അനധികൃത നിർമ്മാണത്തിന് ചട്ടങ്ങൾ ലംഘിച്ച കൊണ്ട് ബിൽഡിംഗ് പെർമിറ്റ് നൽകിയത് സംബന്ധിച്ച് വിജിലൻസ് നടത്തിയ പരിശോധനയെത്തുടർന്ന് ഒന്നാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരംതിരുവനന്തപുരെ മുൻറവന്യൂ ഇൻസ്പെക്ടറും ചേർത്തല നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.രാജഗോപാലിനെ സസ്പെൻഡ് ചെയ്യുകയും രണ്ടാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കിയും അച്ചടക്കനടപടികൾ അവസാനിപ്പിച്ചും ഉത്തരവാകുകയുമുണ്ടായി. മൂന്നാം പരാമർശിത ഉത്തരവ് പ്രകാരം ശ്രീ.കെ.രാജഗോപാലിനെ പയ്യന്നൂർ നഗരസഭയിൽ നിയമിക്കുയുണ്ടായി. ശ്രീ.കെ.രാജഗോപാൽ തന്റെ സസ്പെൻഷൻ കാലമായ 18.09.2009 മുതൽ 28.02.2011 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് ടി കാലയളവിൽ തനിക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും അനുവദിക്കണമെന്ന് നാലാം പരാമർശിത അപേക്ഷ അഞ്ചാം പരാമർശിത കത്തു പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർത്തല നഗരസഭയിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.കെ.രാജഗോപാലിന്റെ 18.09.2009 മുതൽ 27.02.2011 വരെയുള്ള സസ്പെൻഷൻ കാലം, കെ.എസ്.ആർ.ഭാഗം 1 ചട്ടം 56 B (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി ശമ്പളവും അലവൻസുകളും ഉൾപ്പെടെ (ഉപജീവനബത്ത കഴിച്ചുള്ള) എല്ലാ

കാര്യത്തിനും ഡ്യൂട്ടിയായി കണക്കാക്കിയും 28.02.2011 മുതൽ 2.3.2011 വരെയുള്ള കാലയളവ് കെ.എസ്.ആർ.ഭാഗം 1 ചട്ടം 56 B (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായി കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രത്നമ്മ വി.
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.കെ.രാജഗോപാൽ, തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ പി.എ. (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ചേർത്തല നഗരസഭ.
ധനകാര്യ വകുപ്പ് (28.03.2016 തീയതിയിലെ Dev I-87/2016/Fin പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.